# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174 — 14.08.2017 ൽ മറുപടിക്ക്

### മാരകരോഗങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്ന പദ്ധതി

| ചോദ്യം<br>ശ്രീ.അനിൽ അക്കര<br>,, കെ.മുരളീധരൻ<br>,, പി.ടി. തോമസ്<br>,, വി.എസ്.ശിവകുമാർ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വിവിധ ഇൻഷ്വറൻസ് പദ്ധതികളെയും ആരോഗ്യ പദ്ധതികളെയും സംയോജിപ്പിച്ച് കാൻസർ, പക്ഷാഘാതം, കരൾ-വൃക്ക രോഗങ്ങൾ, ഹൃദയാഘാതം തുടങ്ങിയ മാരകരോഗങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്ന ആരോഗ്യ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ചികിത്സാ ചെലവ് ഏറെ വേണ്ടി വരുന്ന കാൻസർ, പക്ഷാഘാതം, കരൾ-വൃക്ക രോഗങ്ങൾ, ഹൃദയാഘാതം തുടങ്ങിയ മാരകരോഗങ്ങൾക്ക് സൗജന്യ/മിതമായ നിരക്കിൽ ചികിത്സ നൽകുന്നതിന് വിവിധ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് ഒരു ബൃഹത് പദ്ധതി കൊണ്ടുവരാൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ടെങ്കിലും അതിന്റെ സാങ്കേതിക വശങ്ങൾകൂടി പരിഗണിച്ച് കുറ്റമറ്റ പദ്ധതിയാക്കി നടപ്പാക്കുന്നതിനുള്ള നടപടികൾ തുടരുന്നതിനാൽ ടി പദ്ധതി പൂർണ്ണരൂപത്തിൽ ആയിട്ടില്ല. |
| (ബി) | എങ്കിൽ ഈ പദ്ധതി മുഖേന എത്ര രോഗികൾക്ക് ചികിത്സ ഉറപ്പാക്കാൻ കഴിഞ്ഞു; | (ബി) | എ-യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല. |
| (സി) | സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനോടൊപ്പം സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിച്ച് ആശുപത്രികളെ രോഗീസൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് സ്വീകരിച്ച നടപടികൾ | (സി) | സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ജില്ലാ താലൂക്ക് ആശുപത്രികളിൽ നിശ്ചിത |

| | | | |
|---|---|---|---|
| | എന്തൊക്കെയാണ്? | | മാനദണ്ഡങ്ങളോടെ, അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി തെരഞ്ഞെടുത്ത 170 പി.എച്ച്.സി-കളിൽ 680 തസ്തികകൾ സൃഷ്ടിക്കുകയും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുടെ ഭരണാനുമതിയും പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭ്യമാക്കുന്നതിന് 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജില്ലാ താലൂക്ക് തല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. KIIFB ഫണ്ടുപയോഗിച്ച് 44 ഡയാലിസിസ് യൂണിറ്റും 10 കാത്ത് ലാബുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ജില്ലാ താലൂക്ക് ആശുപത്രികളെ മാസ്റ്റർ പ്ലാൻ അനുസരിച്ച് ഘട്ടം ഘട്ടമായി രോഗീസൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ